# കാർഷികമേഖലയ്ക്ക് അർഹമായ പരിഗണന ലഭിക്കുന്നില്ല: മന്ത്രി ഇ.ചന്ദ്രശേഖരൻ

Janmabhumi 6/1/18

**കാസർകോട്:** രാജ്യത്തിന്റെ വിഭവ സമാഹരണത്തിൽ പ്രധാന പങ്ക് വഹിക്കുന്ന കാർഷികമേഖലയ്ക്ക് വേണ്ടത്ര പരിഗണന ലഭിക്കുന്നുണ്ടോയെന്ന് സംശയമാണെന്ന് റവന്യൂ മന്ത്രി ഇ.ചന്ദ്രശേഖരൻ പറഞ്ഞു. വ്യവസായ മേഖലയ്ക്ക് ലഭിക്കുന്ന മുന്തിയ പരിഗണന കാർഷികമേഖലയ്ക്കും കർഷകർക്കും ലഭിക്കുന്നില്ലെന്നും മന്ത്രി പറഞ്ഞു. കേന്ദ്ര തോട്ടവിള ഗവേഷണ കേന്ദ്രത്തിൽ (സി പിസി ആർ ഐ) ആരംഭിച്ച ആറു ദിവസത്തെ കാർഷിക പ്രദർശനങ്ങളുടെയും കിസാൻ കോൺഫറൻസിന്റെയും ഉദ്ഘാടനം നിർവഹിച്ചു സംസാരിക്കുകയായിരുന്നു അദ്ദേഹം.



കേന്ദ്ര തോട്ടവിള ഗവേഷണ കേന്ദ്രത്തിൽ ആരംഭിച്ച കാർഷിക പ്രദർശനങ്ങളും കിസാൻ കോൺഫറൻസും മന്ത്രി ഇ.ചന്ദ്രശേഖരൻ ഉദ്ഘാടനം ചെയ്യുന്നു

സിപിസിആർഐ പോലെയുള്ള സ്ഥാപനങ്ങൾ നടത്തുന്ന ഗവേഷണങ്ങൾ കാർഷികമേഖലയ്ക്കും കർഷകർക്കും ഉത്തേജനമാകുന്നുണ്ട്.എന്നിരുന്നാലും ഈ ഗവേഷണങ്ങളുടെ ഗുണം പൂർണ്ണമായ അർത്ഥത്തിൽ ജനങ്ങളിലേക്ക് എത്തേണ്ടിയിരിക്കുന്നു. തോട്ടവിള ഗവേഷണ കേന്ദ്രം നടത്തുന്ന കാർഷിക പ്രദർശനങ്ങളും വിവിധ സെമിനാറുകളും കർഷകർക്ക് കൂടുതൽ മുതൽക്കൂട്ടാവട്ടെയെന്നും മന്ത്രി പറഞ്ഞു. സിപിസിആർഐ ഡയറക്ടർ ഡോ.പി ചൗഡപ്പ, കാസർകോട് പ്രിൻസിപ്പൽ കൃഷി ഓഫീസർ ടി.ആർ ഉഷാദേവി, ഐഎംസി. അംഗം പി.സുരേഷ് കുമാർ ഷെട്ടി, സംഘാടക സമിതി കൺവീനർ ഡോ.സി തമ്പാൻ എന്നിവർ സംസാരിച്ചു.